"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്-വൈക്കം ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസിലെ ഫിഷറീസ് ഓഫീസർ ശ്രീമതി സ്മിത സി കെ -യ്ക്ക് ഓസ്ട്രേലിയയിൽ നടക്കുന്ന സയന്റിഫിക് കോൺഫറൻസിൽ പങ്കെടുക്കുന്നതിനും പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായി യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.415/2026/F&P തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ 17.07.2026 ലെ DFTVM/2082/2026-A4 നമ്പർ കത്ത്

2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 29.10.2012, 24.06.2017 തീയതികളിലെ 18326/AR14(1)/2011/P& ARD, AR 14-1/50/2016-P&ARD നമ്പർ സർക്കുലറുകൾ

3. 12.6.2026 തിയതിയിലെ ശ്രീമതി .സ്മിത സി.കെ യുടെ അപേക്ഷ

**<u>ഉത്തരവ്</u>**

കോട്ടയം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധികാരപരിധിയിലുള്ള വൈക്കം ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസിൽ ഫിഷറീസ് ഓഫീസറായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി സ്മിത സി. കെ. (പെൻ:945359)-യ്ക്ക് 29.08.2026 മുതൽ 11.09.2026 വരെ ഓസ്ട്രേലിയയിൽ വച്ച് നടക്കുന്ന സയന്റിഫിക് കോൺഫറൻസിൽ രണ്ട് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായി വിദേശയാത്ര നടത്തുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) സർക്കുലറുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി വൈക്കം ഫിഷറിസ് ഇൻസ്പെക്ടർ ഓഫീസിൽ ഫിഷറീസ് ഓഫീസറായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി സ്മിത സി. കെ. (പെൻ:945359) യ്ക്ക് സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത സ്വന്തം ചിലവിൽ ഓസ്ട്രേലിയയിൽ വച്ച് നടക്കുന്ന സയന്റിഫിക് കോൺഫറൻസിൽ രണ്ട് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായി വിദേശയാത്ര നടത്തുന്നതിന്, വിദേശത്ത് പോകുന്ന കാലയളവിൽ ടിയാൾ ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനോ, വിദേശത്ത് ജോലിയിൽ ഏർപ്പെടുവാനോ, വിദേശസർക്കാരിന്റെ ആതിഥ്യം സ്വീകരിക്കുവാനോ പാടില്ലെന്ന വ്യവസ്ഥയിൽ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREEJA S S

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി സ്മിത സി. കെ., ഫിഷറീസ് ഓഫീസർ, വൈക്കം ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ് (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ (A1/165/2026-FandP)

ഉത്തരവിൻ പ്രകാരം

Digitally signed by
Aswathy M L
Date: 29-07-2026
12:51:48

സെക്ഷൻ ഓഫീസർ